**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്- ഉഴമലയ്ക്കൽ വില്ലേജിൽ - ഗ്രൂപ്പ് ബി ഒക്യുപൻസി യിൽ ഉൾപ്പെടുന്ന സ്കൂൾ കെട്ടിടം നിർമ്മാണം- ലേ ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം :- UZHAMALAKKAL, SNDP YOGAM Br.No.907, President-ൻറെ 25.09.2021, 08.10.2021 എന്നീ തീയതികളിലെ അപേക്ഷകൾ

**ഉത്തരവ് നമ്പർ TCPTVM/1230/21-D തീയതി 08/11/2021**

ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്,ഉഴമലയ്ക്കൽ വില്ലേജിൽ 374/6, 373/4, 372/15 എന്നീ സർവ്വേ നമ്പറുകളിൽ ഉൾപ്പെട്ട 10,910.00 ച.മി വിസ്തീർണമുള്ള വസ്തുവിൽ 1342.36 ച.മി വിസ്തൃതിയിൽ നിർമ്മിച്ച സ്കൂൾ കെട്ടിടത്തിന് ലേഔട്ട് അംഗീകാരത്തിനായി SNDP യോഗം പ്രസിഡന്റ് സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും യൂസേജ് ഓഫ് പ്ലോട്ടിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമ്മാണം കെ.പി.ബി. ആർ 2019 നും അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം.
2. നിർമ്മാണ സ്ഥലത്തിൻറ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ, ബിൽറ്റ് അപ്പ് ഏരിയ എന്നിവ പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. നിർമ്മാണസ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതാണ്.
4. ഒക്യുപൻസി നൽകുന്നതിന് മുൻപായി പ്ലാനിൽ രേഖപ്പെടുത്തിയത് പ്രകാരമുള്ള ലിഫ്റ്റ് സംവിധാനം ക്രമീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
5. ഒക്യുപൻസി നൽകുന്നതിന് മുൻപായി ശാരീരിക അവശത അനുഭവിക്കുന്നവർക്കായുള്ള toilet ഉൾപ്പെടെയുള്ള സംവിധാനങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും Main entrance ramp-ന് 1 in 12 slope ലഭ്യമായിട്ടുണ്ടെന്നും ഉറപ്പു വരുത്തേണ്ടതാണ്
6. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്; പ്ലോട്ടിൽ നിലവിലുള്ള കുളം സംരക്ഷിക്കപ്പെടുന്നുണ്ടെന്നും മലിനമാക്കപ്പെടുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതാണ്.
7. നിർമ്മിതിക്ക് കെ.പി.ബി. ആർ 2019 ചട്ടം 79 നനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം.
8. നിർദ്ദിഷ്ട ലേ-ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിക്കണം. പ്രസ്തുത ലേ-ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് (മഴവെള്ളം/മലിനജലം) പരിസരവാസികൾക്ക് ദോഷമുണ്ടാക്കരുത്.

9. ചട്ടപ്രകാരമുള്ള പാർക്കിങ് നല്കിയിട്ടുണ്ടെന്നനും പാർക്കിങ്ങിനായി നീക്കി വച്ചിട്ടുള്ള സ്ഥലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
10. Pollution Control Board, Fire force തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
11. ചട്ടം 26 (8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്.
12. KPBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**34/2021 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

JAYASREE.V.K
TOWN PLANNER

ഉള്ളടക്കം: മേൽപ്രസ്താവിതം

സെക്രട്ടറി,
ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്

പകർപ്പ്: 1)Sri Shaiju Paruthikuzhi
SNDP Branch No.907
Chakrapanipuram
Puthukulangara P.O.
Nedumangad

2)കരുതൽ ഫയൽ